15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 147 — 07-10-2024 - ൽ മറുപടിയ്ക്ക്

## കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കായംകുളത്തെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ ജീർണ്ണിച്ച ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റിനു 26.02.2021 ലെ സ.ഉ. (സാധാ) നം. 650/2021/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി Assistance to State and UTs for Modernization of Police (ASUMP 2022-23) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 31.10.2022 ലെ സ.ഉ.(സാധാ) നം. 3035/2022/ആഭ്യന്തരം പ്രകാരം മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും 2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് തുക ലഭിക്കാതിരുന്നതിനാൽ കെട്ടിട നിർമ്മാണം സാധ്യമായില്ല. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ കരീലകുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനു പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റ് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ